# അദ്ധ്യായം 17

(തുടർന്നുളള രണ്ട് അദ്ധ്യായങ്ങളും bracked chapters ആണ് , മുൻപ് നടന്ന സംഭവങ്ങളുടെ തുടർച്ചയല്ല.)

സാത്താന്റെ അധീനതയിലുളളതും രാഷ്ട്രീയവും , മതപരവുമായ ,ദുഷ്ടതയുടെ പ്രതീകമാണ് ബാബിലോൺ (Religious Babilon) ലോകത്തിലെ സകല മതങ്ങളുടെയും മുമ്പിൽ നിന്നിരുന്ന മതമേല്ക്കോയ്മയായ Religious Babilon ന്റെ അധപതനമാണ് ഈ അദ്ധ്യയത്തിൽ കാണുന്നത്. അദ്ധ്യായം വിചിന്തനം ചെയ്യും മുമ്പ് ബാബിലോന്യ മതം ഏതെന്നും , മതത്തെ ' വേശ്യകളുടെ മാതാവ്' എന്ന് വിളിക്കുവാൻ കാരണമായതെങ്ങനെ എന്നും മനസ്സിലാക്കുന്നത് നല്ലതാണ്.

## THE HISTORY OF THE GREAT BABYLON THE MOTHER OF PROSTITUTES

ഉല്പത്തി 11-ാം അദ്ധ്യായം മുതൽ വെളി: 18 വരെയും ഈ ചരിത്രം വ്യാപിച്ചുകിടക്കുന്നു. നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷമാണ് ജനത്തിന്റെ ഇടയിലെ ഭാഷ കലങ്ങിയത് .അതിനു കാരണം ദൈവീക പദ്ധതികൾക്കെതിരായി ബാബേൽ ഗോപുരം പണിതുടങ്ങിയതിനാലാണ്. നിമ്രോദ് എന്ന മൃഗനായാട്ടുകാരൻ തന്നെയാണ് ബാബേൽ ഗോപുര നിർമ്മാതാവും ബാബേൽ സാമ്രാജ്യസ്ഥാപകനും .അവന്റെ അധികാരത്താലും , വശ്യശക്തിയാലും ദൈവത്തെ ആരാധിക്കുന്നതിനു പകരം പ്രകൃതിശക്തികളെ ആരാധിപ്പാൻ ജനത്തെ പ്രലോഭിപ്പിച്ചു. അങ്ങനെ അവന്റെ കാർമ്മികത്വത്തിൽ പ്രകൃതി ആരാധന (പാഷണ്ഡ മതം) ഉണ്ടായി. നിമ്രോദിന്റെ പിതാവ് (നോഹയുടെ കൊച്ചുമകൻ ക്രൂശ് : ഉല്പ :10:6-8)ഈ മതത്തിന്റെ പ്രഥമ പ്രവാചകനായി. സ്ത്രീയുടെ സന്തതിയായി പിറന്ന മശിഹ അവനാണെന്ന് സ്വയം പരിചയപ്പെടുത്തുക മാത്രമല്ല, സൂര്യദേവന്റെ അവതാരമാണ് താനെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നിമ്രോദിന്റ മരണശേഷം ദുഷ്ടയും സുന്ദരിയുമായ അവന്റെ ഭാര്യ സെമിറാമിസ് ഈ മതത്തിന്റെ പ്രചാരകയായി.നിമ്രോദിന്റെ പുനരവതാരമാണ് അവളുടെ അവിഹിത സന്തതി -(പുരുഷ ബന്ധമില്ലാതെ ലഭിച്ചവൻ)- എന്ന് അവൾ പ്രഖ്യാപിച്ചു. പില്ക്കാലത്ത് അവളുടെ ഉപദേശങ്ങളെ 'മർമ്മം' അഥവാ നിഗൂഢമതം എന്ന് വിളിച്ചു വന്നു. അലക്സാണ്ടർ ചക്രവർത്തി പേർഷ്യൻ സാമ്രാജ്യം കീഴ്പ്പെടുത്തിയപ്പോൾ പ്രസ്തുത മതം പെർഗ്ഗമോസ്സിലേക്ക് കുടിയേറി. പെർഗ്ഗമോസ്സ് അങ്ങനെ സാത്താന്റെ സിംഹാസനം ഇരിക്കുന്നിടമായി. (വെളി:2:13) അന്നത്തെ ഭരണാധിപന്റെ കാലശേഷം വിൽപത്ര പ്രകാരം മതവും അതിന്റെ അനുഷ്ഠാനങ്ങളും തുടരുവാനുള്ള അധികാരം റോമിന് കൈമാറ്റം ചെയ്തു. തുടർന്ന് മതപരിവർത്തനം നടത്തിയ കുസ്തെന്തിനോസ് ചക്രവർത്തി രാജകീയ അധികാരങ്ങൾ ക്രിസ്തു സഭകൾക്ക് നൽകി. ക്രമേണ ഈ മതം റോമൻ മതമായി മാറി.മനപരിവർത്തനം ഇല്ലതെ മതപരിവർത്തനം വ്യാപകമായി മാറി.പൊന്തീഷ് (മതത്തിന്റെ മുഖ്യ കാർമ്മികനായ മതാചാര്യൻ) ആയി വന്നവർ അവിടുത്തെ ആഭ്യന്തര ഭരണാധികാരികളായി. റോമൻ മതം ബാബിലോന്യ ആചാരാനുഷ്ഠാനങ്ങൾ അംഗീകരിച്ചു. ബാബിലോന്യ മതത്തിന്റെ ഉന്നതസ്ഥാനം അലങ്കരിക്കുന്നവരെയാണ്, മഹാവേശ്യ എന്ന് ഇവിടെ ഉദ്ദേശിക്കുന്നത്.

ഏഴ് ദൂതൻമാരിലൊരുവൻ (ഏഴ് കലശം ഒഴിച്ച ഏഴ് ദൂതൻമാരിലൊരുവൻ) യോഹന്നാനനെ വിളിച്ചത് എന്തിന് ? വെളി (17:2)-ന്യായവിധി കാണുവാൻ. ആത്മാവിനാൽ നിയന്ത്രിതനായി മരുഭൂമിയിലേക്കാണ് കൊണ്ടുപോയത്. (ശൂന്യതയിൽ ഒന്നുമില്ലാത്ത സാഹചര്യം.)

### വേശ്യയുടെ പ്രത്യേകതകൾ

1. ഭൂമിയിലെ രാജാക്കൻമാരോട് വേശ്യവൃത്തി ചെയ്യുന്ന സ്ത്രീ. (വെളി:17:1) സഭയ്ക്ക് രാജാക്കൻമാരോട് (ഭരണകർത്താക്കളോട്) യാതൊരു ബന്ധത്തിന്റേയും ആവശ്യമില്ല. എന്നാൽ മുൻപോട്ടുള്ള പോക്കിൽ അവളുടെ കൂട്ടുകെട്ട് അവളുടെ (സഭയുടെ) നിർമ്മലത നഷ്ടപ്പെടുത്തി . അങ്ങനെ കന്യകാത്വം നഷ്ടമായ വെറും സ്ത്രീ എന്ന അവസ്ഥയിൽ സഭ ആയി അഥവാ വേശ്യയായിത്തീർന്നു.

2. ഭൂവാസികളെ മത്തരാക്കിയവൾ. വെളി:17:1)

ബാബേൽ സർവ്വഭൂമിയേയും ലഹരിപിടിപ്പിക്കുന്ന പൊൻപാത്രം ആയിരുന്നു. (യിരെ:51:7) (മുകളിൽ എഴുതിയ ചരിത്രം ശ്രദ്ധിക്കുക) ഇന്നത്തെ സഭയ്ക്ക് യഥാർത്ഥബന്ധം ലോകത്തോടാണ്. ക്രിസ്തുവിനോടല്ല. അവളോടു ചേരുവാൻ അവൾ ലോകജനതയെ പ്രേരിപ്പിക്കുക മാത്രമല്ല, രാഷ്ട്രീയ അധികാരവുമായി അനുരഞ്ജനപ്പെടുകയും അനീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

3.മഹാവേശ്യയാണ് ഇവൾ.

മണവാളനായ ക്രിസ്തുവിനു വേണ്ടി ഒരുങ്ങി കാത്തിരിക്കേണ്ട സഭ ദൈവവചനം മറന്ന് ജീവിച്ചപ്പോൾ കളങ്കിതയായി മാറി. കർത്താവിന്റെ വരവിനുവേണ്ടി ജനത്തെ ഒരുക്കുകയും ആത്മാക്കളുടെ മാനസാന്തരത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായി സഭ നിലനിൽക്കുന്നതാണ്. ദൈവീകതാല്പര്യം.

Read യിരെ :(6:9,10)

യെഹ:(6:9), യാക്കോ :(4:4)

യെഹ :(20:30-33)

4. പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന. വെളി :(17:2)

പെരുവെള്ളം എന്തിനെ കാണിക്കുന്നു. വെളി :(17:15)

5. യോഹന്നാൻ കണ്ടമൃഗത്തിന്റെ പ്രത്യേകതകൾ-വെളി :(13:1-10)

a. 7 തല (1+3)- 7 മലയെ കാണിക്കുന്നു

(7 മലമേൽ പണിത പട്ടണം റോം)

b.10 കൊമ്പ് - വെളി (17:12)

വെളി (17:8) ൽ മൃഗത്തിന്റെ വ്യാഖ്യാനം Read (1 യോഹ : 2:18)

6. സ്ത്രീയുടെ വസ്ത്രം - വെളി 17:4)

(ആഡംബര വസ്ത്രം ആരുടേത് ? ലൂക്കോ : 16:19)

7. പൊന്നും രത്നവും മുത്തും ധരിച്ചവൾ. (17:4)

(സഭ ലോകത്തെ ആകർഷിക്കുന്നതായി മാറി)

8. അവളുടെ കയ്യിൽ സ്വർണ്ണപാനപാത്രം പിടിച്ചിരിക്കുന്നു. (വെളി :17:4)

ലോകഇമ്പങ്ങളെ ആകർഷിക്കുന്ന നിയമങ്ങൾ സ്വർണ്ണ പാത്രത്തിൽ ജനത്തിനു കൊടുക്കുന്നു. ദുർമ്മാർഗ്ഗത്തിൽ ജീവിക്കുമ്പോൾ തന്നെ ദൈവത്താലംഗീകരിക്കപ്പെട്ടവരാകാമെന്ന് ജനത്തെ പഠിപ്പിക്കുന്നു. ജനത്തിന് സന്തോഷം പക്ഷേ ദൈവം ദു:ഖിക്കുന്നു. (ഉല്പ:6:5)

9. നെറ്റിയിലെഴുതിയ പേർ (17:5)

ദുർഗന്ധം പൂർണ്ണമായ നാമം സകലരും കാണുകയും , വായിക്കുകയും ചെയ്യത്തക്കവിധം അവളുടെ നെറ്റിയിൽ എഴുതിയിരിക്കുന്നു.

Read ഫിലി (3:19)

10. രക്തംകുടിച്ച് മത്തയായവൾ- വെളി (17:6) അഗാധത്തിൽ നിന്ന് കയറി നാശത്തിലേക്ക് (നരകത്തിലേക്ക്) പോകുവാനിരിക്കുന്ന മൃഗത്തെ കണ്ട് ഭയപ്പെട്ടവർ - (17:8) -

ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ ഇല്ലാത്തവർ

രണ്ട് കാര്യങ്ങൾ ഇതിൽ നിന്ന് വ്യക്തമാണ്.

1. ജീവപുസ്തകം ലോകസ്ഥാപനം മുതലുണ്ട്

തെളിവ് -(പുറ :32:32), സ്കീ (139:16), എബ്രാ:(12:23)

2. ലോകസ്ഥാപനം മുതൽ എതിർക്രിസ്തുവിന്റെ ആത്മാവും വ്യാപരിച്ചിരിക്കുന്നു. (പാപം ആദ്യവാതിൽക്കൽ എത്തിയപ്പോൾ മുതലാരംഭിച്ചു. , സഭ എടുക്കപ്പെടും വരെ അത് തുടരുന്നു)

ഉല്പ (3:8), (4:7-8), 2 തെസ്സ :(2:7)

വെളി : 17:9,10) - ഇവിടെ ഒരു കാര്യത്തിന് തന്നെ രണ്ട് അർത്ഥങ്ങൾ കാണുന്നു. ഇവിടെ വ്യാഖ്യാനത്തിന് ജ്ഞാനബുദ്ധി ആവശ്യം.

7 മല- 7തല

7 മലകളുടെ മേൽ പണിത റോമാപട്ടണത്തിന് 7 മലകളുടെ പട്ടണം എന്ന പേരുണ്ട്

7തല -7 രാജാക്കൻമാരും ആകാം (17:10)

ഏഴ് രാജാക്കൻമാർ - ഏഴ് രാജാക്കൻമാരിൽ വ്യാപരിച്ചിരിക്കുന്ന ഒരു പൈശാചിക മൂർത്തി എന്നോ ഏഴ് മൂർത്തികൾ ഏഴ് രാജീക്കൻമാരിലെന്നോ ചിന്തിക്കാം. ഒരു പൈശാചിക മൂർത്തി തന്നെ ഏഴ് രാജാക്കൻമാരിൽ ഒരു സമയത്തായും , ഏഴ് കാലത്തായും വ്യാപരിക്കുവാൻ സാധിക്കും. കൂടാതെ ഒരു ഭരണകർത്താവിൽ ഒരുമിച്ചു എഴ് ഭരണകർത്താക്കളിൽ ഏഴ് കാലത്തും വ്യാപരിക്കാം.

ഉണ്ടായിരുന്നതും , ഈ ദർശനസമയത്തില്ലാത്തതുമായ മൃഗം , സഭ എടുക്കപ്പെട്ടു കഴിയുമ്പോൾ ഇത് വെളിപ്പെടും, ഇതാണ് അർധമൂർത്തിയാകുന്ന എതിർ ക്രിസ്തു. (1യോഹ 2:18)

നാശത്തിലേക്ക് പോകുക- നരകത്തിലേക്കു പോകുക.

പത്ത്കൊമ്പ് - പത്ത് രാജാക്കൻമാർ (വെളി : 17:12)

ഒരു നാഴികനേരം (17:12)- ഒരു ചുരുങ്ങിയകാലം.

ഇവരുടെ പ്രത്യേകത - (വെളി : 17:13)

(ദുഷ്ടൻമാരുടെ ഐക്യം - പുര (16:2) അപ്ര (17:6)

ഇപ്രകാരം പ്രവർത്തിപ്പാൻ ഹൃദയത്തിൽ തോന്നിച്ചത് ആർ? (വെളി : 17:17)

അധികാരം ലഭിച്ചവരുടെ പ്രവർത്തികൾ- (വെളി : 17:14,16)

അതായത് എതിർക്രിസ്തുവിന്റെ ഭരണകാലത്തുതന്നെ ബാബിലോന്യ മതത്തേയും അവിടുത്തെ ആചാരങ്ങളേയും സ്വീകരിച്ചവളുടെ ധനം കണ്ടുകെട്ടുകയും , ആരാധനാസൗധങ്ങളും രമ്യഹർമ്മങ്ങളും തീയിട്ട് നശിപ്പിക്കുകയും ചെയ്യുന്നു. ദൈവം അയയ്ക്കുന്നതാണ് ഈ വലിയ ന്യായവിധി അതായത് Religious Babylon ന്റെ അധഃപതനം ആണ് യോഹന്നാൻ കാണുന്നത്.

തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി. (വെളി14:8) അതേ...... ആ നാശം അങ്ങനെ പൂർത്തിയാകും.

ദൈവീകമർമ്മം - അദ്ധ്യായം 10ൽ തന്ന

വേദഭാഗങ്ങൾ ഒന്നുകൂടി വായിക്കുമല്ലോ.